പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 960 — 11/07/2016 ൽ മറുപടിക്ക്

# കൊട്ടാരക്കര പുലമൺ തോടിന്റെ അതിർത്തി നിർണ്ണയം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി | | ശ്രീ. ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | കൊട്ടാരക്കരയിൽ പുലമൺ തോടിന്റെ അതിർത്തി നിർണ്ണയിച്ച് ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകിയത് എന്നായിരുന്നു; | (എ) | പുലമൺ തോടിന്റെ മൈലം ഗ്രാമപഞ്ചായത്തിന്റെ പരിധിയിലും കൊട്ടാരക്കര ഗ്രാമപഞ്ചായത്തിന്റെ (നിലവിൽ മുനിസിപ്പാലിറ്റി) പരിധിയിലും വരുന്ന ഭാഗങ്ങൾ പ്രത്യേകം പ്രത്യേകം അതിർത്തി നിർണ്ണയിച്ച് നൽകിയിട്ടുള്ളതും ഇത് സംബന്ധിച്ച സ്കെച്ച് സഹിതമുള്ള റിപ്പോർട്ട് മൈലം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് 21/11/2012 ലും കൊട്ടാരക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് 25/07/2013 ലും നൽകിയിട്ടുള്ളതാണ്. |
| (ബി) | പ്രസ്തുത അതിർത്തിൽ തദ്ദേശ സ്ഥാപനങ്ങൾ അതിരുകല്ലുകൾ സ്ഥാപിച്ചിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ഇല്ല. |
| (സി) | അപ്രകാരം അതിർത്തി നിർണ്ണയിച്ച് നൽകിയതിന് ശേഷം റവന്യൂ അധികൃതർ വീണ്ടും പ്രസ്തുത തോടിന്റെ അതിർത്തി പുനർനിർണ്ണയിച്ചിരുന്നോ; എങ്കിൽ അതിന്റെ സാഹചര്യം എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ; പ്രസ്തുത വിവരം ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങളെ അറിയിച്ചിരുന്നോ; വിശദമാക്കുമോ? | (സി) | ബഹു. ഹൈക്കോടതിയുടെ 18/01/2016 ലെ WP(C) 38318/15 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേസിന്റെ കക്ഷികളായ ജലസേചന വകുപ്പിനും ഹർജി കക്ഷികളായ ഗീവർഗ്ഗീസ് യോഹന്നാനും നോട്ടീസ് നൽകി അതിർത്തി പുനർനിർണ്ണയം നടത്തിയിട്ടുണ്ട്. എന്നാൽ ടി വിവരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അറിയിച്ചിരുന്നില്ല. |

സെക്ഷൻ ഓഫീസർ